# 13

# പാപമുള്ള പട്ടണത്തിലെ സഭ

## (2:12-17)

"അവിശ്വസ്തരായിരുന്ന വിശ്വസ്തസഭ," എന്നാണ് പെർഗമൊസ് സഭയെ വിളിച്ചിരുന്നത്. "നരകത്തിന്റെ തലസ്ഥാനത്തുള്ള സഭ," എന്നും "പിശാചിന്റെ പിൻഭാഗത്തുള്ള സ'" എന്നും പറയാം. അതിന്റെ പ്രത്യേക വെല്ലുവിളികളെ ചുരുക്കി ഞാൻ ഇട്ടിരിക്കുന്ന തലവാചകം "പാപമുള്ള പട്ടണത്തിലെ സ'" എന്നാണ്.

### ക്രിസ്തു ആവശ്യമുള്ള ഒരു പട്ടണം (2:12)

ആ ഇടവകക്കുള്ള എഴുത്തിലെ മുഖവുര ഇങ്ങനെ വായിക്കുന്നു: "പെർഗമൊസിലെ[1] സഭയുടെ ദൂതന്ന് [സന്ദേശവാഹകന്ന്] എഴുതുക ..." (വാ. 12).

#### നാമനിർദ്ദേശം ചെയ്യപ്പെട്ട പട്ടണം

നാം നീങ്ങുന്നത് തീരദേശത്തുകൂടെയാണ്.[2] നാം എഫെസൊസിൽനിന്നു തുടങ്ങി, പിന്നെ സ്മൂർന്നയിലേക്ക് യാത്ര ചെയ്തു. ഇനി, അറുപതോ അതിലധികമോ മൈൽ വടക്കുള്ള ആസ്യയിലെ റോമൻ പ്രവിശ്യയുടെ തലസ്ഥാനമായ പെർഗമൊസിലാണ് എത്തുന്നത് എഫെസൊസ്, സ്മൂർന്ന എന്നീ പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി പതിനഞ്ചുമൈൽ മാറി കരയിലാണ് പെർഗമൊസ് സ്ഥിതി ചെയ്തിരുന്നത്.

പെർഗമൊസ് ആദ്യം ഒരു മലയുടെ മുകളിലാണ് കണ്ടുപിടിച്ചിരുന്നത്, പിന്നീട് താഴേക്കും സമതലത്തിലേക്കും വ്യാപിപ്പിക്കുകയായിരുന്നു. ഇന്ന്, പുരാതന പട്ടണത്തിന്റെ താഴ്ഭാഗം ഉൾപ്പെടുന്നതാണ് ബെർഗമൊസ് ടൗൺ. ഒരു സന്ദർശനസംഘത്തോടൊപ്പം ഞാൻ ആ പ്രദേശം സന്ദർശിപ്പാൻ പോയപ്പോൾ, ആദ്യം ഞങ്ങൾ അക്രൊപൊലിസിലേക്കും,[3] പിന്നെ ബെർഗമൊസിലെ ഭൂഗർഭഗവേഷണ കാഴ്ച കാണുവാനുമാണ് പോയത്, അവസാനം പട്ടണത്തിന്റെ തെക്കുഭാഗത്ത് ഒരു മെഡിക്കൽ കോംപ്ലക്സിന്റെ അവശിഷ്ടങ്ങൾ കാണുവാൻ പോയി.

എപ്പോഴാണ് പെർഗമൊസിൽ കർത്താവിന്റെ സഭ സ്ഥാപിച്ചത് എന്ന് നമുക്ക് അറിയില്ല. മറ്റു ഇടവകകളെപോലെ, ഒരുപക്ഷെ പൗലൊസ് മൂന്നു വർഷം എഫെസൊസിൽ താമസിച്ചപ്പോഴായിരിക്കാം പെർഗമൊസിലും സഭ ആരംഭിച്ചത് (പ്രവൃത്തികൾ 19:10). ആ ഇടവക പ്രത്യേക പ്രശ്നം നേരിട്ടിരുന്നോ എന്ന് നമുക്ക് അറിയില്ല. പെർഗമൊസിനെ "സാത്താന്റെ സിംഹാസനമുള്ള ഇടം," എന്നും "സാത്താൻ വസിക്കുന്ന സ്ഥലം" എന്നുമാണ് യേശു വിളിച്ചത് (2:13). ആ പട്ടണത്തിന് യേശുവിനെ അത്യാവശ്യമായി വേണ്ടിയിരുന്നു.

#### ക്രിസ്തുവിനെ വിവരിച്ചു

ഭീഷണിപ്പെടുത്തിയിരുന്ന ക്രിസ്ത്യാനികൾക്ക് കർത്താവിന്റെ ശക്തി ഉറപ്പിച്ചുകൊടുത്തു. അതുകൊണ്ട് യേശു തന്നെ വിവരിച്ചത് "മൂർച്ചയേറിയ

ഇരുവായ്ത്തലവാൾ ഉള്ളവൻ" എന്നാണ് (വാ. 12). (ഈ പുസ്തകത്തിൽ ആദ്യം വന്നതായ "നിലവിളക്കുകളുടെ നടുവിൽ നടക്കുന്ന യേശുവിന്റെ ദർശനം" എന്ന ചിത്രീകരണം നോക്കുക.)

ദൈവവചനത്തെ വാളായി പറഞ്ഞിരിക്കുന്നതുകൊണ്ടും (എഫെസ്യർ 6:17; എബ്രായർ 4:12), വാൾ യേശുവിന്റെ വായിൽനിന്നു പുറപ്പെടുന്നതുകൊണ്ടും (1:16; 2:16), അത് ദൈവവചനം ആണെന്ന് മിക്കപേരും സമ്മതിക്കും. എങ്ങനെ യായാലും, ആ വചനം സുവിശേഷമല്ല എന്ന് നാം മനസിലാക്കണം. അത് തന്റെ ശത്രുക്കളെ കർത്താവ് ന്യായം വിധിക്കലാണ് (യെശയ്യാവ് 49:2; വെളിപ്പാട് 19:15, 21).

നിർമ്മിക്കുന്നതിനും നശിപ്പിക്കുന്നതിനും ഒരു വാൾ ഉപയോഗിക്കുവാൻ കഴിയും. അതുപോലെ തന്നെയാണ് വചനവും. ശസ്ത്രക്രിയ നടത്തുന്ന ഒരു ഡോക്ടറുടെ കയ്യിലെ കത്തിപോലെയാണ് അത്. ഹൃദയം തുറന്ന് സൗഖ്യമാക്കുവാൻ ആത്മാവിന്റെ വാളിന് കഴിയും (പ്രവൃത്തികൾ 2:37; എബ്രായർ 4:12). മറ്റു സാഹചര്യങ്ങളിൽ, ദൈവത്തിന്റെ നീതി നടപ്പാക്കുവാനു ം ഉപയോഗിക്കും (യോഹന്നാൻ 12:48). വെളിപ്പാട് 2-ൽ യേശുവിന്റെ മന സിൽ രണ്ടാമത് പറഞ്ഞതാണുണ്ടായിരുന്നത് (വാ. 16).

റോമിന്റെ ശക്തി തന്റെ ശക്തിയേക്കാൾ വലുതല്ല എന്ന് പെർഗമൊ സിലുള്ളവർ അറിയുവാൻ കർത്താവ് ആഗ്രഹിച്ചു. ഒരിക്കലും കീഴ്പ്പെടുത്താനാ വാത്ത വാളുമായി റോമാക്കാരുടെ വാളുകൾ താരതമ്യം ചെയ്താൽ അവ കുട്ടികളുടെ കളിക്കോപ്പുകൾ മാത്രമാണ്. അതുകൊണ്ട്, അത്തരം ആയുധങ്ങളാൽ ക്രിസ്ത്യാനികളെ ഭീഷണിപ്പെടുത്താവുന്നതല്ല. കർത്താവിന്റെ ന്യായവിധിയുടെ വാളിനെ മാത്രമേ അവർ ഭയപ്പെടേണ്ടിയിരുന്നുള്ളു (2:16).

## സാത്താനെ സിംഹാസനത്തിലിരുത്തിയ പട്ടണം (2:13)

ആ ഇടവകയെ യേശു അഭിനന്ദിച്ചുകൊണ്ടാണ് ആ എഴുത്തിന്റെ ഹൃദയഭാഗം ആരംഭിക്കുന്നത്.

### പിശാചിനെ വാഴിച്ചിരുന്ന സ്ഥലം

അവരുടെ വെല്ലുവിളി അവൻ അറിയുന്നു എന്നാണ് ആദ്യം പറഞ്ഞത്: "നീ എവിടെ പാർക്കുന്നു[4] എന്നും അത് സാത്താന്റെ സിംഹാസനം ഉള്ളേടം[5] എന്നും ഞാൻ അറിയുന്നു" (2:13). പല അന്തരങ്ങൾ ഉൾപ്പെടുന്നതാണ് വെളിപ്പാട് പുസ്തകം. ദൈവത്തിന്റെ സിംഹാസനവും സാത്താന്റെ സിംഹാസനവും തമ്മിലുള്ള അന്തരമാണ് ഒന്ന്. 4 ഉം 5 ഉം അദ്ധ്യായങ്ങളിൽ ദൈവത്തിന്റെ സിംഹാസനം സകല മഹത്വത്തോടും കൂടി നാം കാണും. അതിനുമുൻപ്, അദ്ധ്യായം രണ്ടിൽ, സാത്താനും സിംഹാസനങ്ങൾ ഉള്ളത ായി നാം കാണുന്നു - അവന്റെ ശക്തിയും സ്വാധീനവും. അത്തരം ഒരു കേന്ദ്രമായിരുന്നു പെർഗമൊസ്.

"സാത്താന്റെ സിംഹാസനം" എന്താണെന്ന് പ്രതിരോധിക്കുവാനും നി ർവ്വചിക്കുവാനും വ്യാഖ്യാതാക്കൾ പേജുകൾ തന്നെ ചെലവഴിച്ചിട്ടുണ്ട്, എന്നാൽ എല്ലുകളെ പോലും വിറപ്പിക്കുവാൻ ആ വാക്ക് മാത്രം മതിയാകും. സാത്താന്റെ യത്നമുള്ള ഒരു പട്ടണമായിരുന്നു അത്.

യേശുവിന്റെ സന്ദേശം മനസിലാക്കുവാൻ സാത്താന്റെ സിംഹാസനം പോലെ ഒന്ന് തിരിച്ചറിയേണ്ട ആവശ്യമില്ല, എന്നാൽ പെർഗമൊസിലെ

ക്രിസ്ത്യാനികൾ നേരിട്ട തടസങ്ങൾ തിരിച്ചറിയുവാൻ അതു പ്രയോജനപ്പെടും.

*രാഷ്ട്രീയമായി സാത്താനെ വാഴിച്ചിരുന്നു*. പെർഗമൊസിന്റെ ശക്തമായ ഒരു സഖ്യകക്ഷിയായിരുന്നു റോം. ആ പ്രവിശ്യയിൽ ഒരു സാമ്രാജ്യക്ഷേത്രം ഉണ്ടാക്കുവാൻ ആദ്യമായി അനുവാദം കൊടുത്ത പട്ടണമായിരുന്നു അത്. ഇന്ന് നിങ്ങൾ സമതലത്തിൽനിന്ന് അക്രൊപൊലിസിലേക്ക് നോക്കിയാൽ, ട്രാജൻ ചക്രവർത്തിക്ക് സമർപ്പിക്കപ്പെട്ട മനോഹരമായ മാർബിൾ മന്ദിരം പുതുക്കി പണിതത് കാണാം. ചക്രവർത്തിമാരെ ആദരിച്ചുകൊണ്ട് മൂന്ന് ക്ഷേത്രങ്ങൾ പണിയുവാൻ അനുവാദം ലഭിച്ചതിന്റെ പേരിൽ, പെർഗമൊസിനെ ത്രൈസ് നെയോകോറസ്[6] എന്നറിയപ്പെട്ടിരുന്നു.

പൗരസ്ത്യഭാഗത്തെ റോമിന്റെ ശക്തിയായിരുന്നു പെർഗമൊസ്. റോമിന്റെ പ്രാദേശികഭരണത്തിന്റെ കേന്ദ്രമായിരുന്നു അത്, ചക്രവർത്തിയെ ആരാധിക്കുന്നതിനും അവർ ഉത്തരവാദികളായിരുന്നു. ചക്രവർത്തിയെ കർത്താവായി സമ്മതിക്കേണ്ട പൗരധർമ്മം എല്ലാ പൗരന്മാരിലും നിർബ്ബന്ധമാക്കിയിരുന്നു.[7]

*മതപരമായി സാത്താനെ വാഴിച്ചിരുന്നു*. ചക്രവർത്തിമാർക്ക് ക്ഷേത്രങ്ങൾ സമർപ്പിച്ചിരുന്നതിനു പുറമെ, പെർഗമൊസ് മറ്റു മതങ്ങളുടേയും കേന്ദ്രമായിരുന്നു.[8] ഉദാഹരണത്തിന്, സീയുസ് ദേവന്റെ യാഗപീഠം അക്രൊപൊലിസിലെ ഒരാകർഷണമായിരുന്നു, പലരും അതിനെ ഏഴ് പുരാതനലോകാത്ഭുതങ്ങളിൽ ഒന്നായി കണക്കാക്കിയിരുന്നു.

സീയൂസിനെ[9] ദേവന്മാരുടെ ദേവനായി റോമാക്കാരും യവനന്മാരും കണക്കാക്കിയിരുന്നു. ഒരു വലിയ യുദ്ധം ജയിച്ചപ്പോൾ, പെർഗമൊസ് രാജാവ് സീയുസിന് അഭിനന്ദനസൂചകമായി വലിയോരു അൾത്താര അവിടെ പണിതു. അതിന്റെ ഘടന പൂർത്തിയായപ്പോൾ അതിന് 120 അടി നീളവും, 112 അടി വീതിയും 20 അടി ഉയരവും ഉണ്ടായിരുന്നു.[10] യവനദേവന്മാർ ശത്രുക്കളുടമേൽ വിജയം നൽകുമെന്ന് അതിന്റെ വശങ്ങളിൽ കൊത്തുപണിചെയ്തു കാണിച്ചിരുന്നു. ഭിത്തിയിൽ ചെയ്ത ആ കൊത്തുപണി വളരെ മനോഹരമായ ഒരു കലാരൂപമായി കണക്കാക്കിയിരുന്നു.

അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന മറ്റൊരു ദൃശ്യം ബെർഗമൊസിലുണ്ടായിരുന്നത്, മിസ്രയിം ദേവന്മാർക്കു വേണ്ടി ഉണ്ടാക്കപ്പെട്ട ഒരു വലിയ ക്ഷേത്രത്തിന്റെ അവശിഷ്ടം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ചുവന്ന - ഇഷ്ടികകൊണ്ട് പണിതുയർത്തിയ കെട്ടിടത്തിന്റെ അറുപതടിയുള്ള അവശിഷ്ടം അന്തരീക്ഷത്തിൽ അങ്ങനെ നിൽക്കുന്നു.

പട്ടണത്തിന്റെ തെക്കുമാറി, മെഡിക്കൽ കോംപ്ലെക്സിൽ ആയിരുന്നു സാത്താനുമായുള്ള വിഗ്രഹാരാധന നടന്നിരുന്നത്. അടുത്തും അകലെയുമുള്ള രോഗികൾ സൗഖ്യമാകേണ്ടതിന് ഈ പ്രസിദ്ധമായ സ്ഥലത്ത് എത്തിയിരുന്നു. അറിയപ്പെട്ട ഒരു വൈദ്യൻ (ഏ.ഡി. 130–200) പിന്നീട് ചികിൽസ അവിടേക്ക് മാറ്റിയിരുന്നു.[11] പ്രാകൃതമരുന്നുകളും അദ്ധ്യാത്മദർശനവും[12] ഇടകലർന്നതായിരുന്നു ചികിൽസ.[13]

സൗകര്യങ്ങൾ ഉണ്ടായിരുന്നതും, ഉള്ളതുമായ സ്ഥലം ''വിശുദ്ധ വഴി'' എന്നാണ് അറിയപ്പെട്ടിരുന്നത്. മരണത്തെ പിന്നിലാക്കി എന്ന് വിശ്വസിച്ചുകൊണ്ട്, സൗഖ്യം ആഗ്രഹിക്കുന്നവർ നഗ്നപാദരായി അവിടേക്ക് നടന്നുപോകണമായിരുന്നു. സൗഖ്യം വരുത്തുന്ന റോമാക്കാരുടേയും യവനന്മാരുടേയും ദേവനായിരുന്ന, അയെസ്കുലേപിയസിന്[14] പ്രവേശന

കവാടത്തിൽ ഒരു അൾത്താര പ്രതിഷ്ഠിച്ചിരുന്നു. അൾത്താരയിൽ ആ ദേവനെ മുദ്രണം ചെയ്തിരുന്നു: സർപ്പത്താൽ[15] ചുറ്റപ്പെട്ടിരുന്ന ആ രൂപം പിശാചുമായി ബന്ധപ്പെട്ടതായി മിക്ക യെഹൂദന്മാരും ക്രിസ്ത്യാനികളും വിശ്വസിച്ചിരുന്നു (ഉൽപത്തി 3:1-24; വെളിപ്പാട് 12:9; 20:2). അയെസ്കുലേപിയസിനെ ആരാധിക്കുന്നത് ക്രിസ്ത്യാനികൾക്ക് അനിഷ്ടമായിരുന്നു.

*സാംസ്ക്കാരികമായി സാത്താനെ വാഴിച്ചിരുന്നു.* പെർഗമൊസ് ഒരു തീരദേശപട്ടണം അല്ലായ്കകൊണ്ട് വ്യാപാരകാര്യങ്ങളിൽ എഫെസൊസും സ്മുർന്നയുമായി മൽസരിക്കുവാൻ സാധ്യമല്ലായിരുന്നു, അതുകൊണ്ട് അവർ സംസ്ക്കാരത്തിൽ ശ്രദ്ധിച്ചു. “[അതിന്റെ] കവികൾ, തത്വചിന്തകന്മാർ, ശാസ്ത്രജ്ഞന്മാർ, പണ്ഡിതന്മാർ ... തുടങ്ങിയവർ പെർഗമൊസിന്റെ ബഹുമതി അഥേന, അലെക്സന്ത്രിയ എന്നീ രാജ്യങ്ങളേക്കാൾ ഉയർന്നു.”[16]

പെർഗമൊസിലെ വൈദ്യന്മാരുടെ ആഘോഷങ്ങൾക്കും സൂയസ് അൾത്താരയുടെ മനോഹാരകലാരുപത്തിനും പുറമെ, അവിടെ മറ്റൊരു നേട്ടം അവരുടെ വലിയ ഗ്രന്ഥശാലയായിരുന്നു. അതിൽ 200,000 വാല്യങ്ങൾ അടങ്ങിയിരുന്നതിൽ ‘‘മിസ്രയിമിലെ അലെക്സന്ത്രിയയോടുള്ള മൽസരമായിരുന്നു പ്രാധാന്യമർഹിക്കുന്നവ.”[17] അലെക്സന്ത്രിയയോടുള്ള മൽസരത്തിൽ ശ്രദ്ധേയമായ രണ്ട് നേട്ടങ്ങളുണ്ടായി (1) ആസ്യൻ ഗ്രന്ഥശാലയിൽ അസൂയപൂണ്ട അലെക്സന്ത്രിയ ആസ്യയിലേക്ക് പാപിറസ്[18] അയക്കുവാൻ കൂട്ടാക്കിയില്ല, അത് പെർഗമൊസിലുള്ള ശാസ്ത്രിമാരെ പുരാതന രീതിയായ ചർമ്മത്തിലേക്ക് തിരിയുമാറാക്കി. “പെർഗമൊസ്” എന്ന പേർ വരുവാന്തക്കവണ്ണം അവർ ചർമ്മപത്രം[19] രൂപപ്പെടുത്തുന്നതുവരെ അത് തുടർന്നു. (2) ചർമ്മപത്രം പാപിറസ് പോലെ ചുരുട്ടാവുന്നതായിരുന്നില്ല, അതുകൊണ്ട് പരമ്പരാഗത ചുരുളുകൾക്ക് പകരം പേജുകളുള്ള പുസ്കതങ്ങൾക്ക് രൂപം കൊടുത്തു.[20]

പെർഗമൊസ് സംസ്കാരത്തിൽ ബുദ്ധി മാത്രമല്ല ഉണ്ടായിരുന്നത്. അക്രൊപൊലിസിന്റെ തെക്ക്പടിഞ്ഞാറായി ചരിച്ച് കുത്തനെ പണിതതായ 10,000-സീറ്റുകളുള്ള അതിമനോഹരമായ ഒരു തിയേറ്റർ അവിടത്തെ മറ്റൊരു കാഴ്ച്ചയായിരുന്നു. അതിലെ ഇരിപ്പിടങ്ങൾ എഴുപത്തി - എട്ടു നിരകളിലായിട്ടായിരുന്നു, ഞങ്ങളുടെ സന്ദർശകസംഘം അതിനു മുകളിൽ ചെന്ന് നിന്ന് താഴേക്ക് നോക്കിയപ്പോൾ തല കറങ്ങുന്ന പ്രതീതിയാണുണ്ടായത്. ഞങ്ങളുടെ മുൻപിൽ ആകർഷണീയമായ മലകളായിരുന്നു. താഴെ, ഇടത്തുവശത്തായി ബെർഗമൊസ് ടൗൺ സ്ഥിതി ചെയ്തിരുന്നു. ഞങ്ങൾക്ക് മുകളിൽ ആകാശവും മേഘങ്ങളും മാത്രം ഉണ്ടായിരുന്നു.

അവിടെയുള്ള ഗ്രന്ഥശാലയും, തിയേറ്ററും പെർഗമൊസിനെ സാത്താൻ വസിക്കുന്ന സ്ഥലമാക്കിയതെങ്ങനെ? ബുദ്ധിപരവും കലാപരവുമായ കാഴ്ച്ചപ്പാടുകൾ ചക്രവർത്തിയും, അന്യദേവനെ നമസ്ക്കരിക്കുന്നതുമായി, ബന്ധപ്പെട്ടിരുന്നു. വീഞ്ഞിന്റെ ദേവനായിരുന്ന ഡയോനിസസിനെ ആദരിക്കുന്ന അഘോഷങ്ങളായിരുന്നു തിയേറ്ററിൽ നടത്തിയിരുന്നത്. വടക്ക്ഭാഗത്തുണ്ടായിരുന്ന വേദിയിൽ ഇപ്പോഴും ഡയോനിസസ് ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്.

*ധാർമ്മികതയിലും സാത്താനെ വാഴിച്ചിരുന്നു.* അധാർമ്മികത്വം - പ്രത്യേകിച്ച് ലൈംഗികമായ അധാർമ്മികത്വം പെർഗമൊസിന്റെ രാഷ്ട്രീയവും, മതപരവും, സാംസ്ക്കാരികവുമായ പ്രവൃത്തികളിലെല്ലാം അലയടിച്ചിരുന്നു.

ആ പട്ടണത്തിലെ ജനങ്ങൾ "ജഡത്തിന്റെ പ്രവൃത്തികളായ" "ദുർമ്മാർഗം, അശുദ്ധി, ഭോഗേച്ഛ, ... മദ്യപാനം, വെറിക്കൂത്ത്'' [എന്നിവയിൽ] അഗ്രഗണ്യരായിരുന്നു (ഗലാത്യർ 5:19–21).

പെർഗമൊസിനെ കുറിച്ച് ഞാൻ പഠിക്കുന്തോറും, ലാമർ ബെറെറ്റു മായി ഞാൻ യോജിക്കുന്നു. സൂയസ് അൾത്താരയെ കുറിച്ച് അയാൾ എഴുതി, ''സാത്താന്റെ സിംഹാസനം എന്നു പറഞ്ഞത് ഒരു *പക്ഷെ ആ അൾത്താരയായിരിക്കയില്ല, പെർഗമൊസ് തന്നെയായിരിക്കും*."[21] അതിലെ പൗരന്മാരുടെ മനസുകളിലും ഹൃദയങ്ങളിലും ജീവിതത്തിലും അവർ സാത്താനെ വാഴിച്ചിരിക്കയായിരുന്നു.

ആയിരക്കണക്കിന് ആളുകളുടെ ചിന്ത അകറ്റുന്ന വിധത്തിൽ – മന സാക്ഷിക്കുത്തില്ലാത്ത, ദോഷദർശനമുള്ളവരും, ഭോഗേച്ഛയുള്ളവരുമായവരിൽ ഇന്നും സാത്താൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ടോ? സാത്താന്റെ സ്വാധീന മുള്ള അത്തരം കേന്ദ്രങ്ങൾ ധാരാളം മനസിലേക്കു വരുന്നുണ്ട്: ലോകത്തിലെ മുഖ്യ പട്ടണങ്ങൾ, രാഷ്ട്രീയ ശക്തികേന്ദ്രങ്ങൾ, സമർപ്പിക്കപ്പെട്ടവരുടെയിടയിൽ ഭോഗാസക്തി, ലൗകികവിദ്യാഭ്യാസകേന്ദ്രങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്.[22] ഇവയോട്, നമുക്ക് മാദ്ധ്യമങ്ങളും കൂട്ടാം: പുസ്തകങ്ങൾ, സിനിമകൾ, ടെലിവിഷൻ എന്നിവ.[23] സാത്താനു ഇപ്പോഴും ലോകത്തിൽ എത്തുന്നതിനു ള്ള ശക്തികേന്ദ്രങ്ങളുണ്ട്!

**അവിടെ ശിഷ്യന്മാർ അപകടത്തിലായിരുന്നു**

ഇപ്പോൾ നാം യേശു സഭയെ അഭിനന്ദിക്കുന്നതിനെ അനുമോദിക്കണം: "നീ എവിടെ പാർക്കുന്നു എന്നും അതു സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു; നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു, നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല" (വാ. 13). ചുറ്റും ദയാരഹിതമായ അന്തരീക്ഷമായിരുന്നിട്ടും പെർഗമൊസിലെ ക്രിസ്ത്യാനികൾ വിശ്വസ്തരായി നിലകൊണ്ടു!

യേശു എന്ന വ്യക്തിയോടുമാത്രമല്ല അവർ പറ്റിച്ചേർന്നിരുന്നത്, പി ന്നെയോ അവന്റെ വഴികളോടുമായിരുന്നു. മൂലഗ്രന്ഥത്തിൽ, ''എങ്കലുള്ള വിശ്വാസം'' എന്നത് അക്ഷരികമായി ''എന്നെ കുറിച്ചുള്ള വിശ്വാസം,'' എന്നാണ്. സാധാരണ, "വിശ്വാസം," എന്ന വാക്കിനുവേണ്ടി ഉപയോഗിച്ച ഗ്രീക്ക് വാക്കിനു മുൻപ് ഡെഫനിറ്റ് ആർട്ടിക്കിൾ ("ദ") കാണാം, "വിശ്വാസം" എന്ന തു സൂചിപ്പിക്കുന്നത്, "യേശുവിന്റെ ഉപദേശരൂപത്തിലുള്ള വിശ്വാസം" ആണ് – മറ്റൊരു വാക്കിൽ പറഞ്ഞാൽ യേശുവിന്റെ പുതിയനിയമം മുഴുവനു ം.[24] യേശു എന്തെല്ലാം ആയിരുന്നുവോ, അവൻ എന്തെല്ലാം പഠിപ്പിച്ചുവോ അതിലെല്ലാം അവർക്ക് വിശ്വാസമുണ്ടായിരുന്നു എന്നർത്ഥം.

കൂടാതെ, മരണഭീഷണിയുടെ മുന്നിലും അവർ വിശ്വസ്തരായി ജീവിച്ചു. "സാത്താൻ പാർക്കുന്നേടത്തുതന്നെ, എന്റെ സാക്ഷിയും[25] വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന[26] കാലത്തുപോലും നീ എങ്കലുള്ള വിശ്വാസം നി ഷേധിച്ചിട്ടില്ല" (വാ. 13). സ്മുർന്നയിലെ ഇടവകയെ മുന്നറിയിച്ചു, "ഇതാ, നി ങ്ങളെ പരീക്ഷിക്കേണ്ടതിന്ന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു" (വാ. 10). മോശമായത് അപ്പോഴും സ്മുർന്നയിലെ ക്രിസ്ത്യാനി കൾക്ക് വരുവാനിരിക്കുന്നതേയുള്ളു, പക്ഷെ സാത്താൻ പെർഗമൊസിൽ തന്റെ പേശി വിടർത്തിക്കഴിഞ്ഞു. ആ പട്ടണത്തിലെ ആദ്യ ക്രിസ്ത്യാനി

വീണുപോയി.

അന്തിപ്പാസ് ആരായിരുന്നു എന്ന് നമുക്ക് അറിയില്ല, പക്ഷെ കർത്താവിന്ന് അറിയാം. അവൻ ചെറുപ്പമായിരുന്നോ അതോ പ്രായമുള്ളവനായിരുന്നോ, വിവാഹിതനായിരുന്നോ അതോ അവിവാഹിതനായിരുന്നോ, വിജയി ആയിരുന്നോ അതോ പരാജിതനായിരുന്നോ (ലോകം വിജയത്തെ വീക്ഷിക്കുന്നതുപോലെ) എന്നൊന്നും നമുക്ക് അറിയില്ല; എന്നാൽ നമുക്ക് ഒന്നറിയാം അവനെ കർത്താവ് "എന്റെ വിശ്വസ്തൻ" എന്നാണ് വിളിച്ചത്. അവസാനം, പ്രസക്തം അതാണ്.

### സഭയെ സ്വാധീനിച്ച പട്ടണം (2:14, 15)

അവിടെ അവസാനിപ്പിച്ചുവെങ്കിൽ കൊള്ളാമായിരുന്നു എന്ന് ഞാൻ ആഗ്രഹിച്ചുപോകുകയാണ്, എന്നാൽ വാക്യം 14 വിറപ്പിക്കുന്ന വാക്കുകളോടെയാണ് തുടങ്ങുന്നത്, "എങ്കിലും നിന്നെ കുറിച്ച് കുറഞ്ഞോരു കുറ്റം പറവാനുണ്ട്" "നിന്നെ കുറിച്ച് കുറഞ്ഞോരു കുറ്റം പറവാനുണ്ട്" എന്ന് കർത്താവ് പറയുമ്പോൾ നമ്മുടെ ചങ്കിടിക്കും! 1961–ൽ, എലിവിഷം കഴിച്ച് മരിച്ച ഒരാളുടെ ശവസംസ്ക്കാരം ഞാൻ നടത്തുകയുണ്ടായി. എലിവിഷത്തിൽ *കുറച്ച്* ചോളവും കലർത്തിയിരുന്നു – പക്ഷെ ആ മനുഷ്യൻ എങ്ങനെയായാലും മരിച്ചുപോയി.[27]

പെർഗമൊസിലെ ക്രിസ്ത്യാനികളിൽ കർത്താവ് കണ്ട "കുറഞ്ഞോരു കുറ്റം" എന്തായിരുന്നു?

> ... യിസ്രായേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിന്നും ദുർന്നടപ്പ് ആചരിക്കേണ്ടതിന്നും അവരുടെ മുമ്പിൽ ഇടർച്ച[28] വെപ്പാൻ ബാലാക്കിന്ന് ഉപദേശിച്ചുകൊടുത്ത[29] ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവരെ അവിടെ നിനക്കുണ്ട്. അവ്വണ്ണം നിക്കൊലാവ്യരുടെ ഉപദേശം[30] കൈക്കൊള്ളുന്നവർ അവിടെ നിനക്കും ഉണ്ട് (വാ. 14, 15).

ഉപദേഷ്ടാക്കന്മാരെ അവിടെ വന്നു താമസിക്കുവാനും പ്രസംഗിക്കുവാനും പെർഗമൊസിലെ ക്രിസ്ത്യാനികൾ അനുവദിച്ചിരുന്നു. ദുരുപദേഷ്ടാക്കന്മാരെ *സഹിച്ചുകൂടാഞ്ഞതിന്* എഫെസൊസ് സഭയെ യേശു *അഭിനന്ദിക്കയുണ്ടായി;* ഇപ്പോൾ പെർഗമൊസ് സഭയുടെ *സഹിഷ്ണുതയെ കുറ്റപ്പെടുത്തിയിരിക്കുന്നു.*

### ആളുകൾ വിട്ടുവീഴ്ച്ചക്കായി പ്രസംഗിച്ചു

യേശു പറഞ്ഞ ദുരുപദേഷ്ടാക്കന്മാർ ആരായിരുന്നു? "ബിലെയാമിന്റെയും" "നിക്കൊലാവ്യരുടേയും" ഉപദേശം എന്നു പറഞ്ഞിരിക്കുന്നത് ഒരു പക്ഷെ രണ്ട് രീതിയിലുള്ള അഭക്തമായ സന്ദേശമായിരിക്കാം.[31] സാധനങ്ങൾ ഉണ്ടാക്കുന്നവർ ആദ്യം ഒരുപേരിൽ ഇറക്കിയിട്ട് അതേ സാധനം മറ്റൊരുപേരിൽ ഇറക്കും. അതുപോലെ, സാത്താൻ തന്റെ നശീകരണമായ ഉപദേശങ്ങൾ വ്യത്യസ്തമായ പല പേരുകളിലും ഇറക്കും.

"ബിലെയാമിന്റെ ഉപദേശം" എന്തെന്നറിയുവാൻ സംഖ്യാപുസ്തകം 22 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങളിൽ ബിലെയാമിനെ കുറിച്ചും ബാരാക്കിനെ കുറിച്ചും ഉള്ള വിവരങ്ങൾ പരിശോധിക്കുക. ബിലെയാം യിസ്രായേലിനെ ശപിക്കുകയാണെങ്കിൽ, അവന്ന് വലിയ പ്രതിഫലം ന

ൽകാമെന്ന് ബാരാക്ക് പറഞ്ഞു, എന്നാൽ പ്രവാചകൻ അതിന് തയ്യാറായില്ല. പിന്നെ എന്തു സംഭവിച്ചു എന്നറിയുവാൻ, നിങ്ങൾ ബൈബിളിലെ മറ്റു ഭാഗങ്ങളിലേക്ക് നോക്കണം. ബാലാക്ക് എന്താണ് നൽകുമെന്ന് പറഞ്ഞതെന്നറിയുവാൻ നോക്കേണ്ടത് (2 പത്രൊസ് 2:15; യൂദാ. 11), ബിലെയാം ഒരു മോശമായ പദ്ധതിയുമായാണ് വന്നത്. ഫലത്തിൽ അവൻ ബാലാക്കിനോട് പറഞ്ഞു, "എനിക്ക് യിസ്രായേല്യരെ ശപിക്കുവാൻ സാധ്യമല്ല, നിങ്ങളുടെ സ്ത്രീകൾ അവരുടെ പുരുഷന്മാരെക്കൊണ്ട് വിഗ്രഹാരാധന നടത്തുകയും ലൈംഗിക ദുർന്നടപ്പ് ആചരിപ്പിക്കുകയും ചെയ്താൽ ദൈവം അവരെ ശപിക്കും." ബാലാക്ക് ബിലെയാമിന്റെ ഉപദേശം സ്വീകരിക്കുകയും, തൽഫലമായി, ദൈവം ഒരു ബാധ അയച്ച് യിസ്രായേലിലെ 24,000 പേരെ കൊന്നുകളഞ്ഞു (സംഖ്യാപുസ്തകം 25).[32] മോശെ പിന്നീട് എഴുതി, "ഈ സ്ത്രീകളത്രേ *ബിലെയാമിന്റെ ഉപദേശത്താൽ*" യിസ്രായേൽമക്കൾ "യഹോവയോട് ... ദ്രോഹം ചെയ്‌വാനും" യഹോവയുടെ സഭയിൽ ബാധ ഉണ്ടാവാനും ഹേതുവായത് (സംഖ്യാപുസ്തകം 31:16; എംഫസിസ് മൈൻ).[33] പട്ടണത്തിലെ അന്യദേവന്മാരുടെ ദേവനെ നമസ്ക്കരിക്കുന്നവരുടെ സംസ്ക്കാരത്തിലുൾപ്പെടുന്നത് തെറ്റല്ല എന്ന് ക്രിസ്ത്യാനികളെ ആ "ബിലെയാമ്യ" ഉപദേശക്കാർ പഠിപ്പിച്ചിരിക്കും എന്ന കാര്യത്തിൽ സംശയമേ ഇല്ല.

എഫെസ്യ സഭയ്ക്കുള്ള എഴുത്തിനെ കുറിച്ച് പഠിച്ചപ്പോൾ, നാം മുൻപ് നിക്കൊലാവ്യരെ കാണുകയുണ്ടായി (2:6).[34] ദുർന്നടപ്പ് ആചരിച്ചിരുന്ന നോസ്റ്റിക്സ് സംഘമായിരുന്നു നിക്കൊലാവ്യർ എന്ന് ക്രിസ്തീയ എഴുത്തുകാർ തിരിച്ചറിഞ്ഞിരുന്നു. "ജ്ഞാനം" എന്ന വാക്കിനുള്ള ഗ്രീക്ക് വാക്കിൽനിന്നു വന്നതാണ് "നോസ്റ്റിക്" എന്ന വാക്ക് (*നോസിസ്*). മറ്റുള്ളവർക്ക് ലഭ്യമല്ലാത്ത അറിവും, ഉൾക്കാഴ്ച്ചയും തങ്ങൾക്കുണ്ട് എന്നാണ് നോസ്റ്റിക്കുകാർ അവകാശപ്പെട്ടിരുന്നത്. എന്തു പാപം ചെയ്താലും, മാനസാന്തരപ്പെട്ടാലും ഇല്ലെങ്കിലും, ദൈവകൃപ അതു നോക്കിക്കൊള്ളും എന്നാണ് നോസ്റ്റിക്കുകാരുടെ ഒരു ഉപദേശം. അതുകൊണ്ട് അവർ "നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവായി ഉപയോഗിക്കുന്നു" (യൂദാ. 4).[35]

ബിലെയാമ്യരും നിക്കൊലാവ്യരും ദൈവജനത്തെ പാപം ചെയ്യുവാൻ തെറ്റു പഠിപ്പിച്ചു.

**വിട്ടുവീഴ്ച്ച പരിശീലിച്ച അംഗങ്ങൾ**

ദുരുപദേഷ്ടാക്കന്മാരോട് എങ്ങനെ പെരുമാറണമെന്ന് പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്: അവരുടെ ഉപദേശത്തെ ശ്രദ്ധിക്കുവാനും "അവരിൽനിന്ന് അകന്നു മാറുവാനും" പൗലൊസ് പറഞ്ഞിരുന്നു (റോമർ 16:17). "ഞങ്ങളോട് പ്രാപിച്ച പ്രമാണം [ദൈവശ്വാസിയ ഉപദേശം] വിട്ട് ക്രമം കെട്ട് നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊൾവിൻ" എന്ന് അവൻ ക്രിസ്ത്യാനികളോട് പറഞ്ഞിരിക്കുന്നു. (2 തെസലൊനിക്യർ 3:6; കെജെവി). ദുരുപദേഷടാവിനെ പ്രോൽസാഹിപ്പിക്കുന്നവരോട് യോഹന്നാൻ പറഞ്ഞു, "അവനോട് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയാകുന്നു" (2 യോഹന്നാൻ 11).

ഈ വ്യക്തമായ നിർദ്ദേശങ്ങൾ എന്തുകൊണ്ടാണ് പെർഗമൊസിലെ ക്രിസ്ത്യാനികൾ അനുസരിക്കാതിരുന്നത്? ഇടവകയിൽ ഒരുപക്ഷെ ദുരുപദേഷ്ടാക്കന്മാർക്ക് സ്നേഹിതന്മാർ ഉണ്ടായിരുന്നേക്കാം. അവരിൽ അച്ചടക്കം

വരുത്തിയാൽ സഭയിൽ പ്രശ്നമുണ്ടാകുമെന്ന് സഭാദ്ധ്യക്ഷന്മാർ ഭയപ്പെട്ടിരിക്കാം. ശത്രുതയുള്ള ലോകത്തിൽ, തെറ്റിനെ സഹിക്കേണ്ടിവന്നാലും, ചിലരെ യോജിപ്പിൽ നിർത്തേണ്ടത് ആവശ്യമാണെന്ന് അവർ ധരിച്ചിരിക്കാം. പ്രശ്നത്തെ തനിയെ വിട്ടുകഴിഞ്ഞാൽ, കുറച്ചുകഴിയുമ്പോൾ തനിയെ കെട്ടടങ്ങുമെന്ന് വിചാരിച്ചിരിക്കാം. ന്യായകാരണങ്ങൾ എന്തുതന്നെയായിരുന്നാലും, അവരുടെ "ജീവിക്കുകയും – ജീവിക്കു – വാൻ – അനുവദിക്കുകയും ചെയ്യുക" എന്ന ദുരുപദേഷ്ടാക്കന്മാരുടെ നയം കർത്താവിന്ന് സ്വീകാര്യമല്ല!

## യേശു ഉടനെ സന്ദർശിപ്പാനിരിക്കുന്ന പട്ടണം (2:16, 17)

### ആപൽക്കരമായ സാധ്യതകൾ

യേശു മുന്നറിയിച്ചു, "ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽവന്ന്, എന്റെ വായിലെ വാൾകൊണ്ട് അവരോട് പോരാടും" (വാ. 16).

തെറ്റു പഠിപ്പിക്കുന്നവരെ പെർഗമൊസിലെ ക്രിസ്ത്യാനികൾ പരിവർത്തനം ചെയ്യേണ്ടതായിട്ടുണ്ട് (യെഹെസ്ക്കേൽ 3:18–21). ദുരുപദേഷ്ടാക്കന്മാർ മാറുവാൻ തയ്യാറായില്ലെങ്കിൽ, അവരെ നിങ്ങളുടെ ഇടയിൽനിന്ന് "നീക്കികളവിൻ" (1 കൊരിന്ത്യർ 5:13; കെജെവി; 1 മുതൽ 12 വരെയുള്ള വാക്യങ്ങൾ കൂടെ നോക്കുക). കൂടാതെ, നടപടി എടുക്കേണ്ടത്, *ഉടനെയാണ്*. യേശുവിന്റെ മുന്നറിയിപ്പിൽ അന്തർലീനമായിരുന്നത്, "ആ പ്രശ്നം നിങ്ങൾ പെട്ടെന്ന് പരിഹരിച്ചില്ലെങ്കിൽ, ഞാൻ വന്ന് അതിനെ കൈകാര്യം ചെയ്യും – ഞാൻ അതു ചെയ്യുമ്പോൾ നിങ്ങൾക്ക് സന്തോഷമായിരിക്കയില്ല."[36]

"ഞാൻ വരുന്നു" എന്ന ഈ വേദഭാഗത്തിലേയും മറ്റു വേദഭാഗത്തിലേയും പ്രസ്താവന ലോകാവസാനത്തിലെ യേശുവിന്റെ രണ്ടാം വരവിനെയല്ല സൂചിപ്പിക്കുന്നത്, മറിച്ച്, ദുഷ്ടമനുഷ്യരെ ഈ ലോകത്തിൽവെച്ചുതന്നെ ശിക്ഷിക്കവാൻ അവൻ സ്വർഗത്തിൽനിന്ന് ഇറങ്ങി വരുന്നതിനെയാണ് സൂചിപ്പിക്കുന്നത്.[37] തന്റെ ഭയങ്കര വാൾ എങ്ങനെ ഉപയോഗിക്കുമെന്ന് കർത്താവ് പറയുന്നില്ല, എന്നാൽ "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് എത്ര ഭയങ്കരം" എന്ന് നമുക്ക് അറിയാം (എബ്രായർ 10:31).

യേശുവിന്റെ മുന്നറിയിപ്പിലെ "നിന്നെ" എന്നതും "അവരെ" എന്നതും തമ്മിലുള്ള അന്തരം നോക്കുക: ''ഞാൻ വേഗത്തിൽ *വന്ന്*, അവരോട് പോരാടും.'' (എംഫസിസ് മൈൻ.) ''നീ'' എന്നു പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ ഇടവകയെ മൊത്തത്തിലായിരിക്കാം, എന്നാൽ ''അവരെ'' എന്നു പറഞ്ഞിരിക്കുന്നത്, തെറ്റ് പഠിപ്പിക്കുന്നവരെയാണ്.[38] ദുരുപദേഷ്ടാക്കന്മാരെ ശിക്ഷിക്കുവാൻ യേശു വരുന്നു എന്നത് സഭയിൽ ശിക്ഷിക്കപ്പെടുവാനിരിക്കുന്നവരെയും ചിന്താകുലരാക്കി (ഗലാത്യർ 6:1). ഇടവകയുടെ *സ്വന്ത* സുരക്ഷയെ ഓർത്തും അവർ വിചാരപ്പെടേണ്ടിയിരുന്നു. കർത്താവ് അഭക്തർക്ക് നേരെ വാളോങ്ങുമ്പോൾ, അവരിൽനിന്ന് ദൂരം പാലിക്കാതിരിക്കുന്നവരും മുറിവേൽക്കപ്പെടും (യെഹെസ്ക്കേൽ 3:18). അത് "ദുരുപദേഷ്ടാക്കന്മാരുടെ മദ്ധ്യത്തിലേക്ക് ഞാൻ ഒരു ബോംബ് എറിയുവാൻ പോകുന്നു, അവർ ഇപ്പോഴും നിങ്ങളുടെ നടുവിലാണെങ്കിൽ, ബോംബ് വീഴുമ്പോൾ അവരോടൊപ്പം നിങ്ങളും നശിക്കും!" എന്നു പറയുന്നതുപോലെയാണ്.

തിരുത്തുവാനുള്ള അച്ചടക്കം എപ്പോഴും എളുപ്പമല്ല,[39] പക്ഷെ അത് ആവശ്യമാണ്. സഭയുടെ ശുദ്ധീകരണത്തിനും, ബഹുമതിക്കും, രക്ഷിക്കപ്പെട്ടവരെ രക്ഷിക്കപ്പെട്ടവരായി[40] നിലനിർത്തുവാനും അത് അനിവാര്യമാണ്.

**വിലയേറിയ വാഗ്ദാനങ്ങൾ**

എല്ലാ സഭകൾക്കുമെന്നപോലെ, യേശു സഭയിലെ ഓരോ അംഗത്തോടും വ്യക്തിപരമായ പ്രായോഗികത വരുത്തുവാൻ ആവശ്യപ്പെടുന്നുണ്ട്. "ആത്മാവ് സഭകളോട് പറയുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (വാ. 17). കേൾക്കുവാനും അനുസരിക്കുവാനും അവരെ പ്രോൽസാഹിപ്പിക്കുമ്പോൾ, യേശു പ്രത്യേക വാഗ്ദാനങ്ങൾ നൽകുന്നുണ്ട്: "ജയിക്കുന്നവന്ന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്ന് വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും" (വാ. 17).

വാഗ്ദാനത്തിന്റെ ആദ്യഭാഗം - പറയുന്നത് "മറഞ്ഞിരിക്കുന്ന മന്ന" എന്നാണ് - അതിൽ പഴയനിയമ വേരുകളാണുള്ളത്. യിസ്രായേൽ മരുഭൂമിയിൽ കൂടെ സഞ്ചരിച്ചപ്പോൾ, ദൈവം അവരെ മന്ന കൊടുത്തു പോഷിപ്പിച്ചിരുന്നു (പുറപ്പാട് 16:13-36; സങ്കീർത്തനങ്ങൾ 78:24).[41] നിയമപെട്ടകത്തിനുള്ളിൽ ഒരുപാത്രം മന്ന സൂക്ഷിച്ചിരുന്നു.[42] (അതുകൊണ്ട് അത് "മറഞ്ഞിരുന്നു") അത് ദൈവം തന്റെ ജനത്തിന് നൽകിയിരുന്നുവെന്നും അവൻ തുടർന്നും നൽകുമെന്നും ഓർപ്പിക്കുന്നതായിരുന്നു അത് (പുറപ്പാട് 16:33, 34; എബ്രായർ 9:4). അതുപോലെ, പെർഗമൊസിലെ അനുസരിക്കുന്നവർക്ക് കർത്താവ് നൽകും.[43]

വാഗ്ദാനത്തിലെ രണ്ടാം ഭാഗം അത്ര വ്യക്തമല്ല: "... ഞാൻ അവന്ന് വെള്ളക്കല്ല്യും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേർ കൊടുക്കും" (വാ. 17). പുരാതന കാലത്ത് ഉപയോഗിച്ചിരുന്ന രണ്ട് ചരൽക്കല്ലുകളെയാണ് "വെള്ളക്കല്ല്" സൂചിപ്പിക്കുന്നത്. അനുവാദമുണ്ടോ ഇല്ലയോ എന്നറിയേണ്ടതിന്ന് ഉപയോഗിച്ച വെള്ളക്കല്ലും കറുത്ത കല്ലുമായിരുന്നു അത്.[44] "ദൈവം അംഗീകരിച്ചിരിക്കുന്നു" എന്നു കാണിക്കുന്നതാണ് ദൈവത്തിന്റെ വെള്ള സിംഹാസം![45]

ലഭിക്കുന്നവനല്ലാതെ മറ്റാരും അറിയാത്ത "പുതിയ പേർ എഴുതിയ കല്ല് എന്താണ്"? അടുത്ത അദ്ധ്യായത്തിൽ, യേശു "തന്റെ തന്നെ പേര്" പറയുന്നുണ്ട് (3:12; എൻആർഎസ്‌വി).[46] ആ "പുതിയ പേർ" "യേശു" എന്നതായിരിക്കാം.[47] "യേശു" എന്ന പേർ പുതിയ പേർ അല്ല എന്ന് ചിലർ തടസം പറഞ്ഞേക്കാം. യേശു എന്ന പേർ അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് "യേശു" എന്ന നാമം എപ്പോഴും പുതുതായി നിൽക്കും. അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് ആ നാമം എപ്പോഴും പുതുമയുള്ളത് തന്നെ.

എനിക്ക് കേൾക്കുവാൻ ഇമ്പമുള്ള നാമം,
അതിന്റെ വിലയെ കുറിച്ച് ഞാൻ പാടും,
അത് എന്റെ കാതുകൾക്ക് ഗാനം പോലെയാണ്,
ഭൂമിയിലെ ഏറ്റവും മധുരനാമമാണ്.[48]

വാസ്തവത്തിൽ യേശുവിന്റെ നാമത്തെ ''അറിയുന്നവൻ'' (മനസിലാക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നത്) ''യേശുവിനാൽ''[49] രക്ഷിക്കപ്പെട്ടവൻ മാത്രമാണ് (പ്രവൃത്തികൾ 4:12)!

**ഉപസംഹാരം**

ക്രിസ്ത്യാനിയാകുക എന്നത് അത്ര എളുപ്പമല്ല എന്നതാണ് പെർഗമൊസ് സഭയ്ക്കുള്ള എഴുത്ത് തെളിയിക്കുന്നത്. അനന്തരഫലങ്ങൾ എന്തായാലും, വിശ്വാസം നഷ്ടപ്പെടുത്താതെ ധൈര്യത്തോടെ മുറുകെ പിടിക്കുന്നവരെ ദൈവം ഇന്നും നോക്കിക്കൊണ്ടിരിക്കുകയാണ്. ആളുകളുടെ ഉപദേശവും ജീവിതവും ദൈവികനിലവാരത്തിനനുസരിച്ചല്ലെന്ന് കാണുമ്പോൾ സഹോദരന്മാരെ സ്നേഹിക്കുന്നവരെയും അവൻ നോക്കിക്കൊണ്ടിരിക്കുകയാണ്. കർത്താവിന് സഹിക്കാവുന്നതല്ല വിട്ടുവീഴ്ച്ച.

നമുക്ക് ''ജയിക്കുവാനുള്ള വെല്ലുവിളി'' നൽകുന്ന ഒന്നാണ് ഈ എഴുത്ത്; നമ്മുടെ ഭീരുത്വത്തെ, വിചാരമില്ലാതിരിക്കുന്നതിനെ, തീർച്ചയില്ലാതിരിക്കുന്നതിനെ എല്ലാം അതിജീവിക്കുവാൻ നാം യേശു ആഗ്രഹിക്കുന്നതുപോലെ ആകണം. അങ്ങനെ അതിജീവിച്ചാൽ, കർത്താവ് നമുക്ക് അതുപോലെ "മറഞ്ഞിരിക്കുന്ന മന്ന" യും അംഗീകാരത്തിന്റെ "വെള്ളക്കല്ലും" *ഉപയോഗിക്കാൻ* നൽകും.

നിങ്ങളുടെ ജീവിതത്തിൽ ഒരു ആത്മിയമായ ആവശ്യമുണ്ടെങ്കിൽ,[50] നിങ്ങളുടെ കർത്താവിനെ *ഉടനെ* അനുസരിക്കുവാൻ വചനത്തിന്റെ വാൾ നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു - അങ്ങനെയായാൽ അവന് ഒരിക്കലും നിങ്ങളുടെ നേരെ ഭയങ്കരമായ ന്യായവിധിയുടെ വാൾ ഉപയോഗിക്കേണ്ടി വരികയില്ല (മത്തായി 25:41)!

---

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

ഈ പാഠത്തിന് ഉപയോഗിക്കുവാൻ സാധ്യതയുള്ള മറ്റു തലവാചകങ്ങൾ, "സാത്താന്റെ സിംഹാസം ഉള്ളേടം," "സാത്താൻ വസിക്കുന്ന സ്ഥലം," "പരീക്ഷിക്കപ്പെട്ട സ'" എന്നിവയാണ്. പലപ്പോഴും അമേരിക്കയിൽ ഉപയോഗിച്ചിട്ടുള്ള ഒരു തലവാചകമാണ്, "സാത്താന്റെ സ്ഥലത്തുള്ള സഭ."

---

കുറിപ്പുകൾ

[1]പട്ടണത്തെ പെർഗമസ്, പെർഗമോൺ, പെർഗമോസ് എന്നും അറിയപ്പെട്ടിരുന്നു. കെജെവിയിൽ "പെർഗമൊസ്" എന്നാണ്. [2]"ആസ്യയിലെ ഏഴ് സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം നോക്കുക. [3]"അക്രൊപൊലിസ്" സംയുക്തഗ്രീക്ക് വാക്കാണ്, അർത്ഥം "ഹൈസിറ്റി" എന്നാണ്. ആദ്യം ഉണ്ടായിരുന്ന അക്രൊപൊലിസ് പട്ടണം പർവ്വതമുകളിലാണ്. [4]"ഡ്വെൽ," "ഡ്വെൽസ്" എന്നീ വാക്കുകൾ ഗ്രീക്കിൽനിന്ന് തർജിമ ചെയ്തിരിക്കുന്നതിനർത്ഥം "സ്ഥിരമായി താമസിക്കുന്നവർ" എന്നാണ്. [5]കെജെവിയിൽ "സീറ്റ്" എന്നാണ്, പക്ഷെ സാധാരണ "സീറ്റ്" എന്നതിനുള്ള വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മറിച്ച് ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ത്രോണോസ്* എന്നാണ്, അതിൽനിന്നാണ് നമുക്ക് "ത്രോൺ" എന്ന വാക്ക് ലഭിച്ചത്. അദ്ധ്യായം

4-ൽ അതേ വാക്കാണ് ദൈവസിംഹാസനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. “ത്രോൺ” എന്ന വാക്ക് “അധികാരസ്ഥാനത്തെ” ആണ് സൂചിപ്പിക്കുന്നത്. [6]പ്രവൃത്തികൾ 19:35-ൽ (എൻഏഎസ്ബി) *നിയോകോറോസ്* തർജിമ ചെയ്തിരിക്കുന്നത് “ക്ഷേത്രരക്ഷകർത്താവ്” എന്നാണ്. [7]മിക്ക ടൗണുകളിലും ചക്രവർത്തിയോടുള്ള അനുഭാവം പ്രതിജ്ഞാരൂപത്തിൽ പ്രകടിപ്പിക്കേണ്ടത് വർഷത്തിൽ ഒരിക്കലാണ്. പെർഗമൊസിൽ ആ സമ്മർദ്ദം തുടർന്നുകൊണ്ടിരുന്നു. *സ്മുർന്ന* സഭയ്ക്കുള്ള എഴുത്തിൽ, ഉപദ്രവം ആരംഭിക്കുന്നത് *യെഹൂദന്മാരാണെന്ന്* പറഞ്ഞു; എന്നാൽ *പെർഗമൊസിൽ* ഉപദ്രവം തൊടുത്തുവിടുന്നത് *റോമൻ അധികാരികളാണ്.* [8]കാർഷികദേവതയുടെ പേരിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു ക്ഷേത്രമായിരുന്നു ദെമെത്രിയൊസ്. ആ ക്ഷേത്രത്തിന്റെ നാശാവശിഷ്ടങ്ങൾക്കരികിൽനിന്ന് ഭൂഗർഭഗവേഷകന്മാർ “അജ്ഞാതദേവന്ന്” എന്നെഴുതിയ ഒരു വേദിക്കല്ല് കണ്ടെടുക്കുകയുണ്ടായി, അത് പ്രവൃത്തികൾ 17:23-ൽ പറയുന്ന കല്ലുപോലെയുള്ളതായിരുന്നു. [9]റോമർ അവനെ ജൂപ്പിറ്റർ എന്നാണ് വിളിച്ചിരുന്നത്. [10]ഇന്ന്, അക്രൊപൊലിസിസ് അടിസ്ഥാനം മാത്രമാണുള്ളത്. അൾത്താര ബെർലിനിലെ മൂസിയത്തിൽ പുനനിർമ്മാണം ചെയ്തിട്ടുണ്ട്. ആ അടിസ്ഥാനത്തിന്റെ നടുവിൽ ഒരു വലിയ വൃക്ഷം വളർന്നു നിൽക്കുന്നതു സമതലത്തിൽനിന്ന് വ്യക്തമായി കാണാം. ആ നിലനിൽപ് സന്ദർശകർക്ക് ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്ന അൾത്താരയെ മൈലുകൾക്കപ്പുറത്തു നിന്നുതന്നെ കാണാം.

[11]ഹിപോക്രെയിറ്റ്സ് കഴിഞ്ഞാൽ രണ്ടാമനായിരുന്നു ഗാലെൻ (ബി.സി. 460-377), അയാൾ അറിയപ്പെട്ടിരുന്നത് “ഫാദർ ഓഫ് മെഡിസിൻ” എന്നാണ്. മനുഷ്യശരീരഘടനയിൽ പ്രാഗത്ഭ്യമുള്ളവനായിട്ടാണ് ഗാലെൻ അറിയപ്പെട്ടത്. അവൻ എഴുതിയ പുസ്തകങ്ങൾ പതിമൂന്നു നൂറ്റാണ്ടുകളോളം അംഗീകരിക്കപ്പെട്ടിരുന്നു. [12]ആ ചികിൽസയെ പണ്ഡിതന്മാർ വിശേഷിപ്പിച്ചത് “ഫെയിത്ത് ഹീലേഴ്സ്,” എന്നും “സെൽഫ് - സജെഷൻ” എന്നുമാണ്. പല രോഗങ്ങളും മനസുമായി ബന്ധപ്പെട്ടുള്ളതാകയാൽ (മനസിൽനിന്ന് വൈകാരികമായി ഉണ്ടാകുന്ന ശരീരലക്ഷണങ്ങൾ), ആശുപത്രിക്ക് “ചികിൽസ” ഉണ്ട്. അതിന് ഫലം കിട്ടിയ പല അനുഭവ “സാക്ഷ്യങ്ങളെ” കുറിച്ച് പുരാതന എഴുത്തുകളിലുണ്ട്. അതിനോട് സമാനമായതാണ് “രോഗശാന്തി” യും “അനുഭവസാക്ഷ്യങ്ങളും” ഉൾപ്പെടുന്ന “ഫെയിത്ത് ഹീലേഴ്സ്.” [13]ചില ചികിൽസകൾ വാസ്തവത്തിൽ ഫലപ്രദമായിരുന്നു: ഉദാഹരണമായി, ഭക്ഷണക്രമീകരണം, വ്യായാമം, വിശ്രമം, ചുടുവെള്ളത്തിലും തണുത്തവെള്ളത്തിലുമുള്ള കുളി തുടങ്ങിയവ. [14]പേരിന്റെ ലാറ്റിൻ ഉച്ചാരണമാണ് അത്. ഗ്രീക്ക് ഉച്ചാരണം “ആസ്ക്ലെപിയസ്” എന്നാണ്. മെഡിക്കൽ സെന്ററിനെ വിളിച്ചിരുന്നത് ആസ്ക്ലെപിയം എന്നാണ്. [15]അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർക്ക് സർപം ആരോഗ്യത്തിന്റെ ചിഹ്നമായിരുന്നു കാരണം സർപ്പം ഇടക്കിടക്ക് തൊലി ഉരിഞ്ഞ്കളഞ്ഞ് ചെറുപ്പമാകുന്നു. ഒന്നോ അതിലധികമോ സർപ്പങ്ങൾ പിണയുന്ന ചിഹ്നം വൈദ്യശാസ്ത്രമേഖലയിൽ പരക്കെ ഉപയോഗിച്ചിരുന്നു. [16]ലാമാർ സി. ബെരെറ്റ്, *ഡിസ്കവറിങ്ങ് ദ വേൾഡ് ഓഫ് ദ ബൈബിൾ* (നാഷിലേ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1979), 528. [17]ഗ്രോലിയർ മൽട്ടിമീഡിയ എൻസൈക്ലോപീഡിയ 1997, എഡി., എസ്.വി. “പെർഗമൊസ്,” ബൈ ലൂയിസ്, *ക* ഓർലിൻ. [18]നൈൽ നദീതീരത്തുള്ള പാപിറസ് ചെടിയിൽ നിന്നു രൂപപ്പെടുത്തി എഴുതുവാൻ ഉപയോഗിച്ചിരുന്ന ഒന്നായിരുന്നു പാപിറസ്. “പാപിറസ്” എന്ന വാക്കിൽനിന്നാണ് നമുക്ക് “പേപ്പർ” എന്ന വാക്ക് ലഭിച്ചത്. പാപിറസിൽനിന്ന് പേപ്പർ എങ്ങനെ എടുക്കുന്നു എന്നത് നോക്കുക. [19]കന്നുകാലികൾ, ആടുകൾ എന്നിവയുടെ ചർമ്മങ്ങളാണ് ചർമ്മപത്രത്തിന് ഉപയോഗിച്ചിട്ടുള്ളത്. അത്തരം ചർമ്മം വലിച്ച്

നീട്ടി ചില പ്രത്യേക പ്രവർത്തനത്താൽ അത് പേപ്പറിന്റെ ഘനത്തിലാക്കിയാണ് ഉപയോഗിക്കത്തക്കതാക്കുന്നത്. [20]പേജുകളുള്ള പുസ്തകത്തെയാണ് "കോഡെക്സ്" എന്നു വിളിക്കുന്നത്. പെർഗമൊസിലെ ആളുകൾ വിഭവങ്ങൾ ലഭ്യമായതുകൊണ്ടാണ് നിങ്ങൾക്ക് ഇപ്പോൾ പുസ്തകരൂപത്തിൽ പേജുകൾ മറിക്കുവാൻ കഴിയുന്നത്.

[21]*ബെരെറ്റ്*, 529. (എംഫസിസ് മൈൻ.) [22]പറഞ്ഞ സ്ഥലങ്ങളിലെല്ലാം പിശാച് വസിച്ചിരുന്നു എന്നല്ല ഞാൻ പറയുന്നത്, മറിച്ച്, സാത്താൻ തന്റെ നേട്ടത്തിനായി അകത്തുനിന്നും പറത്തുനിന്നും പ്രവർത്തിക്കുമെന്നാണ്. അതേ പ്രതലങ്ങളിൽ നമുക്ക് ദൈവത്തിന്റെ ഉദ്ദേശം നിവർത്തിപ്പാൻ കഴിയും. അത് പെർഗമൊസിലുണ്ടായിരുന്നവരെപോലെ തന്നെ പ്രയാസമുള്ളതായിരിക്കും. [23]നമുക്ക് ഇന്റർനെറ്റുമായി ചേർക്കാം - ഇന്റെർനാഷ്ണൽ വെബ് ഓഫ് ഇന്റർകണക്റ്റഡ് ഗവൺമെന്റ്, എജുക്കേഷൻ, ബിസ്നെസ് കമ്പൂട്ടർ നെറ്റ്വർക്ക്സ്. [24]ചില തർജിമകളിൽ "യുവർ ഫെയിത്ത് ഇൻ മി" എന്നാണ്. "വെറുതെ" യേശുവിൽ വിശ്വസിക്കുന്നു എന്നതിനേക്കാൾ വിസ്തൃതമായ അർത്ഥമാണ് "വിശ്വസം" എന്ന വാക്കിന് അവിടെയുള്ളത്. എങ്ങനെയായാലും, നിർവ്വചനത്തിൽ യേശുവിലുള്ള വിശ്വാസവും *ഉൾപ്പെട്ടിരിക്കുന്നു.* [25]*മാർട്ടസ്* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "സാക്ഷി" എന്ന വാക്ക്. ആ വാക്ക് അർത്ഥമാക്കുന്നത്, "സാക്ഷ്യപ്പെടുത്തുന്നവൻ" അല്ലെങ്കിൽ ''സാക്ഷീകരിക്കുന്നവൻ'' എന്നാണ്. ചിലപ്പോൾ ആ വാക്ക് വിശ്വാസത്തിനുവേണ്ടി ഒരാൾ മരിക്കുവാൻ തയ്യാറാകുന്നതിനെ സൂചിപ്പിച്ചും ഉപയോഗിച്ചിട്ടുണ്ട് - നാം അതിനെ രക്തസാക്ഷിത്വം വരിക്കൽ എന്ന് വിളിക്കും. അന്തിപ്പാസ് തന്റെ വിശ്വാസത്തിന് വേണ്ടി മരിക്കുവാൻ തയ്യാറായി. ഇവിടെ കെജെവിയിൽ ഉപയോഗിച്ചിരിക്കുന്നത് "മാർട്ടിർ" എന്ന വാക്കാണ്. അതേ വാക്ക് 17:6 ലും കാണാം, അവിടെ മരണത്താൽ സാക്ഷീകരിച്ചവരെയാണ് പറഞ്ഞിരിക്കുന്നത്. [26]കെജെവിയിൽ "സ്ലെയിൻ" എന്നാണ്. മൃഗീയമരണത്തെയാണ് ഗ്രീക്ക് വാക്ക് സൂചിപ്പിക്കുന്നത്. [27]മറ്റൊരു ചിത്രീകരണം ഉപയോഗിക്കാം: ശരീരപരിശോധനക്കായി ഒരാൾ ഡോക്ടറെ സമീപിക്കുന്നു എന്ന് വിചാരിക്കുക. പരിശോധനക്ക് ശേഷം ഡോക്ടർ അയാളോട് പരിശോധനയിൽ കുഴപ്പമൊന്നുമില്ല എന്ന് പറഞ്ഞു. എന്നിട്ട് ഡോക്ടർ അയാളോട് പറഞ്ഞു: നിങ്ങൾക്ക് "*ചില* പ്രശ്നങ്ങളുള്ളതായി ഞാൻ കാണുന്നു, പ്രമേഹവും ഹൃദയത്തിനു കുഴപ്പവും, അർബുദവുമുണ്ട്." [28]"സ്റ്റംബ്ലിങ്ങ് ബ്ലോക്ക്" എന്ന വാക്ക് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തതു "സൂചിപ്പിക്കുന്നത്, വലയിൽ അകപ്പെടുന്ന ഇരയെയാണ്. അതിൽ വെച്ചിരിക്കുന്നത് എടുക്കുമ്പോൾ വല വലിഞ്ഞു മുറുകുകയും ഇര കുടിക്കിലാകുകയും ചെയ്യും." (ഹോമർ ഹെയ്ലി, *റെവെലേഷൻ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979], 131). [29]വിഗ്രഹങ്ങൾക്ക് മുൻപിൽ വെച്ച മാംസത്തെ ഭക്ഷിക്കുന്നതിനെ കുറിച്ചുള്ള ചോദ്യത്തിന് ഉത്തരം പൗലൊസ് വിവരിക്കയുണ്ടായി (1 കൊരിന്ത്യർ 8-10; റോമർ 14, 15), എന്നാൽ അവൻ പ്രാഥമികമായി പറഞ്ഞത് വിഗ്രഹത്തിന് മുൻപിൽ ആദ്യം കൊണ്ടുവെച്ചശേഷം ചന്തയിൽ വിൽക്കുവാൻ കൊണ്ടുവരുന്ന മാംസത്തെയാണ്. സ്പഷ്ടമായും, 2:14 ലെ പാപത്തിൽ വിഗ്രഹാരാധനയും വാസ്തവത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. അത് അന്നും (ഇന്നും) ദൈവം ഖണ്ഡിച്ചിട്ടുള്ളതാണ് (2 കൊരിന്ത്യർ 6:16; ഗലാത്യർ 5:20; 1 യോഹന്നാൻ 5.21). [30]"ദുർമ്മാർഗ പ്രവൃത്തിയിൽ ഏർപ്പെടുക" എന്നതു തർജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരികമായ അർത്ഥം "പരസംഗം ചെയ്യുക" എന്നാണ് (കെജെവി നോക്കുക). ലൈംഗിക അധാർമ്മികത്വം ഉൾപ്പെടുന്നതാണ് അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ആരാധന, അതിനെ കർത്താവ് അന്നും (ഇന്നും) ഖണ്ഡിച്ചിരിക്കയാണ് (1 കൊരിന്ത്യർ 6:13-20)

[31]രണ്ടു സ്ഥാനങ്ങളും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ് വാക്യം 15 ലെ "ആൾസോ" എന്ന വാക്ക്. [32]ബിലെയാം അവസാനം വാളിനാൽ കൊല്ലപ്പെട്ടു (സംഖ്യാപുസ്തകം 31:8). [33]മീഖാ 6:5 നോക്കുക. [34]ഈ പുസ്തകത്തിൽ നേരത്തെ വന്ന നിക്കൊലാവ്യരുടെ കുറിപ്പുകൾ നോക്കുക. [35]പാപങ്ങൾക്ക് ദൈവകൃപ മതി, പക്ഷെ അതു പാപം ചെയ്യുവാനുള്ള പ്രോൽസാഹനമല്ല. ഈ പോയിന്റിനെ കുറിച്ച് പൗലൊസ് റോമർ 6:1 മുതലുള്ള വിവരണം നോക്കുക. പാപം നമ്മുടെ ജീവിതത്തിൽ നിന്നകറ്റുവാൻ, വാസ്തവത്തിലുള്ള മാനസാന്തരത്തിന് ദൈവസഹായം ആവശ്യമാണ്. [36]ഇതിനെ 1 കൊരിന്ത്യർ 4:21 ലെ പൗലൊസ് കൊരിന്ത്യസഭയെ മുന്നറിയിക്കുന്നതുമായി താരതമ്യം ചെയ്യുക. [37]"കർത്താവിന്റെ വരവ്" എന്ന ആശയത്തിന്റെ രണ്ട് ഉപയോഗങ്ങളെ കുറിച്ച് അറിയുവാൻ ഈ പുസ്തകത്തിൽ ആദ്യം വന്ന "കർത്താവേ, എത്രത്തോളം" എന്ന പാഠം നോക്കുക. [38]മറ്റ് സാധ്യതകളുമുണ്ട്. ദുരുപദേഷ്ടാക്കളെ അച്ചടക്കം നടത്താതിരിക്കുന്ന ആരും "അവരെ" എന്നതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. [39]പ്രതിരോധ അച്ചടക്കത്തിൽ ഉപദേശവും പരിശീലനവും ഉൾപ്പെടുന്നു, എന്നാൽ *തിരുത്തൽ* അച്ചടക്കത്തിൽ തിരുത്തലും ശിക്ഷയും അടങ്ങുന്നു. പ്രതിരോധ അച്ചടക്കത്തിൽ നാം അതിയായി അദ്ധ്വാനിച്ചാൽ, തിരുത്തൽ കുറച്ചുമാത്രം മതിയാകും. എങ്ങനെയായാലും, പ്രതിരോധ അച്ചടക്കത്തിന് നാം എത്ര കഠിനമായി അദ്ധ്വാനിച്ചാലും, ചിലപ്പോൾ തിരുത്തൽ അച്ചടക്കം തന്നെ വേണ്ടിവരും. അത് വീട്ടിലായാലും, സഭയിലായാലും വാസ്തവമാണ്. [40]സഭയുടെ പല രീതിയിലുള്ള അച്ചടക്കം കാണുവാൻ 1 കൊരിന്ത്യർ 5:1, 5–7 നോക്കുക.

[41]മന്ന വാസ്തവത്തിൽ എന്തായിരുന്നു എന്ന് ബൈബിൾ പറയുന്നില്ല, പക്ഷെ പുറപ്പാട് 16:15 വ്യക്തമാക്കുന്നത് അത് ദൈവത്തിൽനിന്നുള്ള അത്ഭുതകരമായ ഭോജനമായിരുന്നു എന്നാണ്. "മന്ന" എന്നതിന്റെ എബ്രായ വാക്ക് അതിന്റെ അർത്ഥം (ചുരുങ്ങിയത് അതിലന്തർലീനമായത്), "അതെന്താണെന്ന്?" വ്യക്തമാക്കുന്നു എന്നാണ് എന്നോട് പറഞ്ഞിട്ടുള്ളത്. [42]സമാഗമനകൂടാരത്തിൽ, അതിവിശുദ്ധസ്ഥലത്ത് സ്വർണ്ണം - പൂശി സൂക്ഷിച്ചിരുന്ന ഒരു പെട്ടിയായിരുന്നു നിയമപെട്ടകം. അതിൽ മൂന്നു വസ്തുക്കൾ ഉണ്ടായിരുന്നു: പത്തുകല്പനകൾ എഴുതിയ കൽപലകയും ഒരു പാത്രം മന്നയും, അഹരോന്റെ തളിർത്ത വടിയും. [43]മന്ന ഭൗതിമായ അപ്പം ആകകൊണ്ട്, "മറെഞ്ഞിരിക്കുന്ന മന്ന" സൂചിപ്പിക്കുന്നത് ആത്മാവിനെ നിലനിർത്തുന്നതാണ്. ഇതിനെ പല വ്യാഖ്യാതാക്കളും "ഞാൻ ജീവന്റെ അപ്പം" എന്ന് യേശു പറഞ്ഞതുമായി ബന്ധിപ്പിക്കാറുണ്ട് (യോഹന്നാൻ 6:31, 35). "മറെഞ്ഞിരിക്കുന്ന" എന്നത് സൂചിപ്പിക്കുന്നത് ക്രിസ്ത്യാനികളുടെ അനുഗ്രഹങ്ങൾ ലോകത്തിൽനിന്നു *മറെഞ്ഞിരിക്കുന്നു* എന്നാണ്, വാസ്തവത്തിൽ ലോകം അത് തിരിച്ചറിയുകയോ, ബഹുമാനിക്കയോ, അതിനെ പ്രാപിക്കയോ ചെയ്യുന്നില്ല. [44]ഇവിടെയും പ്രവൃത്തികൾ 26:10 ലും മാത്രമാണ് "കല്ല്" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത്. പ്രവൃത്തികൾ 26:10 ന്റെ അക്ഷരിക തർജിമ "ഐ കാസ്റ്റ് എ പെബിൾ [ഓഫ് വോട്ടിങ്]" എന്നായിരിക്കം. ഇന്നും തള്ളിക്കളയുന്നതിനെ സൂചിപ്പിക്കുന്നതിന് "കാസ്റ്റിങ്ങ് അവർ വോട്ട്" "'ാക്ക് ബാൾഡ്" എന്നെല്ലാം പറയാറുണ്ട്. [45]ഈ പരിശീലനത്തിന് പുറമെ, ബൈബിൾകാലത്ത് വെള്ളക്കല്ലിന് മറ്റു ഉപയോഗങ്ങളുമുണ്ടായിരുന്നു. ക്ഷണത്തിനും, പ്രതിഫലത്തിലും, കണക്ക് കൂട്ടലിനും അവ ഉപയോഗിച്ചിരുന്നു. ചിലർ വിചാരിക്കുന്നത് വെള്ളക്കല്ല് ഡയമണ്ട് ആയിരുന്നു എന്നാണ്. കാർബണിൽ, വളരെ കാലം, മർദ്ദം ചെലുത്തിയാണ്, ഡയമണ്ട് ഉണ്ടാക്കുന്നത്. പെർഗമൊസിലെ ക്രിസ്ത്യാനികൾ തീവ്രമായ സമ്മർദ്ദത്തിലായിരുന്നു. [46]ഫിലിപ്പിയർ 2:9, 10 നോക്കുക. [47]പുതിയ പേർ എന്നതുമായി ബന്ധപ്പെട്ടിരിക്കാൻ സാധ്യതയുള്ളത് "ക്രിസ്ത്യാനി"

എന്നതാണ് (യെശയ്യാവ് 62:2; പ്രവൃത്തികൾ 11:26) – അല്ലെങ്കിൽ 19:12–ൽ പറഞ്ഞ അജ്ഞാതമായ, സ്വർഗത്തിൽ നമുക്ക് വെളിപ്പെട്ടുകിട്ടുന്ന പേരായിരിക്കാം. [48]എഫ്. വൈറ്റ്ഫീൽഡ്, “ഓ ഹൗ ഐ ലവ് ജീസസ്” *സോങ്സ് ഓഫ് ദ ചർച്ച്*, എഡി., ആൾട്ടൻ. എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ ലാ.: ഹോവാർഡ് പബ്ലിഷേഴ്സ്, 1977). [49]എബ്രായ വാക്കായ “യോശുവ” എന്നതിന്റെ ഗ്രീക്ക് രൂപമാണ് “ജീസസ്.” അതിന്റെ അക്ഷരികമായ അർത്ഥം “യഹോവ രക്ഷിക്കുന്നു” എന്നാണ്. [50]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, പാപത്തിൽ ജീവിക്കുന്നവരെ വിശ്വസിച്ച് സ്നാനമേൽക്കുവാൻ ഉത്തേജിപ്പിക്കുകയും (മർക്കൊസ് 16:16), തെറ്റിപ്പോയ ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെടുവാനും പ്രോൽസാഹിപ്പിക്കണം (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).

---

### പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. യേശുവിന്റെ വായിൽനിന്നു പുറപ്പെടുന്ന “മൂർച്ചയുള്ള ഇരു – വായ്ത്തലയുള്ള വാൾ” എന്താണ്? വചനമെന്ന വാൾ ഏതെല്ലാം രണ്ടു വിധത്തിലാണ് പ്രവർത്തിക്കുന്നത്.
2. പെർഗമൊസിന്റെ അവസ്ഥ എന്തായിരുന്നു പ്രത്യേകിച്ച് ക്രിസ്ത്യാനികളെ ഭീഷണിയിലാക്കിയത്?
3. പെർഗമൊസ്, “ആസ്യയിലെ റോമൻ പ്രാദേശിക ഗവൺമെന്റിന്റെ കേന്ദ്രമായിരുന്നു എന്നും ചക്രവർത്തിയാരാധനയുടെ ഉത്തരവാദിത്വമുള്ളവരായിരുന്നു” എന്നും പാഠത്തിൽ പറയുകയുണ്ടായി. ഇത് പെർഗമൊസിലെ ക്രിസ്ത്യാനികളിൽ എന്തു സമ്മർദ്ദമാണു ചെലുത്തിയത്?
4. “സാത്താന്റെ സിംഹാസനം” എന്തായിരുന്നു എന്നാണ് നിങ്ങൾ വിചാരിക്കുന്നത്? “സാത്താന്റെ സിംഹാസനം” എന്തായിരുന്നുവെന്നാണ്ഈ പാഠം പറയുന്നത്? സാത്താന് ഇപ്പോഴും സ്വധീനിക്കുവാൻ കേന്ദ്രങ്ങളുണ്ടോ?
5. അന്തിപ്പാസ് ആരായിരുന്നു? അവനെക്കുറിച്ച് നമുക്ക് എന്തറിയാം? ഏതൊരു വ്യക്തിയെ കുറിച്ചും അത്രയും മതിയോ?
6. ബാലാക്കിന്റെയും ബിലെയാമിന്റെയും സംഭവം വിവരിക്കുക. യിസ്രായേലിന്റെ വീഴ്ച്ചക്ക് എങ്ങനെ ബിലെയാം കാരണമായിത്തീർന്നു?
7. ലോകത്തോട് വിട്ടുവീഴ്ച്ച ചെയ്യുവാൻ സാത്താനു സഭയെ സ്വാധീനിക്കുവാൻ കഴിയുമെങ്കിൽ, അത് സഭയുടെ വീഴ്ച്ചക്ക് കാരണമാകുകയില്ലേ? വിട്ടുവീഴ്ച്ചാ പാപത്തെ കുറിച്ച് വിവരിക്കുക.
8. നിക്കൊലാവ്യർ ആരായിരുന്നു? (എഫെസൊസിന് എഴുതിയ എഴുത്തിനെ കുറിച്ച് വിവരിച്ച പാഠത്തിൽനിന്ന് ആവർത്തിക്കുമെന്ന് ഉറപ്പ്വരുത്തുക.)
9. പുതിയനിയമമനുസരിച്ച് ദുരുപദേഷ്ടാക്കന്മാരോട് എങ്ങനെ പെരുമാറണം?
10. പെർഗമൊസ് സഭ എന്തുകൊണ്ട് ദുരുപദേഷ്ടാക്കന്മാരെ കൈകാര്യം ചെയ്തില്ല എന്നതിന് സാധ്യതയുള്ള കാരണങ്ങൾ ഏവ? എന്തുകൊ ണ്ടാണ് ഇന്ന് സഭകളിൽ അച്ചടക്കം നടത്താത്തത്?

11. “പ്രതിരോധ അച്ചടക്കവും” “തിരുത്തൽ അച്ചടക്കവും” തമ്മിലുള്ള വ്യത്യാസം എന്ത്?
12. യേശു പറഞ്ഞ “മറഞ്ഞിരിക്കുന്ന മന്ന” എന്തായിരിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? എന്താണ് “വെള്ളക്കല്ല്”? എന്താണ് “പുതിയ പേര്”? നമുക്ക് വേണ്ടി യേശുവിൽ അത്ഭുതകരമായ അനുഗ്രഹങ്ങളുണ്ടെന്ന് അറിയുവാൻ നാം അവയെല്ലാം കൃത്യമായി അറിയേണ്ടതുണ്ടോ?